**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 555** **24-08-2022 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങൾക്ക് ഏർപ്പെടുത്തിയ ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനങ്ങൾക്ക് ശിപാർശയുടെ സ്വഭാവമേ ഉള്ളൂ എന്നും അത് നിർബന്ധമായും നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് ബാധ്യതയില്ല എന്നുമുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിയിലെ പ്രസക്തഭാഗങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022-ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോടതിയുടെ വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ സംബന്ധമായ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണ്. അവ ശിപാർശ എന്ന നിലയിലുള്ളതാണ്. അവ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി.യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തും. ഫെഡറൽ യൂണിറ്റുകൾക്ക് തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരത്തിൽ ഫെഡറൽ യൂണിറ്റുകളിലൊന്നിന് എപ്പോഴും ഉയർന്ന പങ്ക് ഉണ്ടായിരിക്കണമെന്നത് നിർബന്ധമല്ല. ഇന്ത്യൻ ഫെഡറലിസം എന്നത് സഹകരണ സ്വഭാവത്തിലുള്ളതും നിസ്സഹകരണ സ്വഭാവത്തിലുള്ളതുമായ ഫെഡറൽ യൂണിറ്റുകൾ തമ്മിലുള്ള സംവാദമാണ്. അവിടെ ഫെഡറൽ യൂണിറ്റുകൾക്ക് സഹകരണം മുതൽ മത്സരം വരെ വ്യത്യസ്ത അനുനയ മാർഗങ്ങൾ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമുണ്ട് (ഖണ്ഡിക 148 (i) (b))<br><br>(2) ജി.എസ്.ടി.-ക്ക് മുൻപ്, അന്തർ സംസ്ഥാന ചരക്കുകളുടെ വിൽപ്പന, കസ്റ്റംസ് തീരുവ, സേവന നികുതി, എക്സൈസ് തീരുവ എന്നിവയ്ക്ക് പരോക്ഷ നികുതി ചുമത്താനുള്ള പ്രത്യേക അധികാരം |

| | | | |
|---|---|---|---|
| | | | യൂണിയന് ഉണ്ടായിരുന്നു. സംസ്ഥാനങ്ങൾക്കകത്തെ സാധനങ്ങളുടെ വിൽപന, ആഡംബര നികുതി, വിനോദ നികുതി, പർച്ചേസ് ടാക്സ്, ചൂതാട്ടം, വാതുവെപ്പ് എന്നിവയ്ക്ക് നികുതി ചുമത്താനുള്ള പ്രത്യേക അധികാരം സംസ്ഥാനങ്ങൾക്കും ഉണ്ടായിരുന്നു. ജി.എസ്.ടി.യിൽ എല്ലാ പരോക്ഷ നികുതികളും ലയിപ്പിച്ചു. 2016-ലെ ഭരണഘടനാ ഭേദഗതി നിയമ പ്രകാരം കൊണ്ടുവന്ന ആർട്ടിക്കിൾ 246A അനുസരിച്ച് ജി.എസ്.ടി.യുമായി ബന്ധപ്പെട്ട നിയമങ്ങൾ നിർമ്മിക്കാൻ ഒരേസമയം പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും അധികാരമുണ്ട്. (ഖണ്ഡിക 26)<br><br>(3) "യൂണിയനോ സംസ്ഥാനത്തിനോ ഉള്ള ശിപാർശകൾ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ജി.എസ്.ടി. കൗൺസിൽ ജി.എസ്.ടി. നിയമനിർമ്മാണത്തിൽ സർക്കാരിനെ സഹായിക്കുന്ന ഒരു ശിപാർശാ സ്ഥാപനമാണ്. (ഖണ്ഡിക 56) |
| (ബി) | പ്രസ്തുത വിധി പ്രകാരം ജി.എസ്.ടി. കൗൺസിൽ നിർണയിക്കുന്ന നികുതി നിർദ്ദേശത്തിന്മേൽ എതിർപ്പുള്ള പക്ഷം സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത വിധിന്യായത്തിലെ ഖണ്ഡിക 148 (i) (b) ൽ ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണ്. അവ ശിപാർശ എന്ന നിലയിലുള്ളതാണ്. അവ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി.യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തും. ഫെഡറൽ യൂണിറ്റുകൾക്ക് തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരത്തിൽ ഫെഡറൽ യൂണിറ്റുകളിലൊന്നിന് എപ്പോഴും ഉയർന്ന പങ്ക് ഉണ്ടായിരിക്കണമെന്നത് നിർബന്ധമല്ല. ഇന്ത്യൻ ഫെഡറലിസം എന്നത് സഹകരണ സ്വഭാവത്തിലുള്ളതും നിസ്സഹകരണ സ്വഭാവത്തിലുള്ളതുമായ ഫെഡറൽ യൂണിറ്റുകൾ തമ്മിലുള്ള സംവാദമാണ്. അവിടെ ഫെഡറൽ യൂണിറ്റുകൾക്ക് സഹകരണം മുതൽ മത്സരം വരെ വ്യത്യസ്ത അനുനയ മാർഗങ്ങൾ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഖണ്ഡിക 26-ൽ ജി.എസ്.ടി.-ക്ക് മുൻപ്, അന്തർ സംസ്ഥാന ചരക്കുകളുടെ വിൽപ്പന, കസ്റ്റംസ് തീരുവ, സേവന നികുതി, എക്സൈസ് തീരുവ എന്നിവയ്ക്ക് പരോക്ഷ നികുതി ചുമത്താനുള്ള പ്രത്യേക അധികാരം യൂണിയന് ഉണ്ടായിരുന്നു. സംസ്ഥാനങ്ങൾക്കകത്തെ സാധനങ്ങളുടെ വിൽപന, ആഡംബര നികുതി, വിനോദ നികുതി, പർച്ചേസ് ടാക്സ്, ചൂതാട്ടം, വാതുവെപ്പ് എന്നിവയ്ക്ക് |

| | | | |
|---|---|---|---|
| | | | നികുതി ചുമത്താനുള്ള പ്രത്യേക അധികാരം സംസ്ഥാനങ്ങൾക്കും ഉണ്ടായിരുന്നു. ജി.എസ്.ടി.യിൽ എല്ലാ പരോക്ഷ നികുതികളും ലയിപ്പിച്ചു. 2016-ലെ ഭരണഘടനാ ഭേദഗതി നിയമ പ്രകാരം കൊണ്ടുവന്ന ആർട്ടിക്കിൾ 246A അനുസരിച്ച് ജി.എസ്.ടി.യുമായി ബന്ധപ്പെട്ട നിയമങ്ങൾ നിർമ്മിക്കാൻ ഒരേസമയം പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും അധികാരമുണ്ട് എന്നും ബഹുമാനപ്പെട്ട സുപ്രീം കോടതി നിരീക്ഷിച്ചിരിക്കുന്നു. |
| (സി) | അരിയും ധാന്യങ്ങളും പാലുല്പന്നങ്ങളും ഉൾപ്പെടെ ചില്ലറ വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് ജി.എസ്.ടി. കൗൺസിൽ ഏർപ്പെടുത്തിയ 5 ശതമാനം ജി.എസ്.ടി. ഈടാക്കാതിരിക്കാൻ പ്രസ്തുത കോടതി ഉത്തരവ് പ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും നികുതി ചുമത്തുവാൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. ആയത് മുൻകാലത്തെ പോലെ തന്നെ നികുതിരഹിതമായി തുടരുകയാണ്. എന്നാൽ രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 47-ാമത് ജി.എസ്.ടി. കൗൺസിൽ പരിശോധിക്കുകയും ലൂസ് ആയി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നിലനിർത്തുന്നതിനായി തീരുമാനിക്കുകയും ചെയ്തു. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പായ്ക്കുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പാക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് സാധനങ്ങൾ തൂക്കി കൊടുക്കുമ്പോളും ജി.എസ്.ടി. ബാധകമാവുകയില്ല. |

സെക്ഷൻ ഓഫീസർ